بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 25.09.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*25.09.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**സൽകർമങ്ങളിലും ആരാധനയിലും ആനന്ദവും അഭിരുചിയും നമുക്കു സ്വന്തമായിട്ടുണ്ടാക്കാൻ സാധിക്കുകയില്ല. ഇത് അല്ലാഹുവിന്റെ അനുഗ്രഹവും തൗഫീഖും കൊണ്ടാണ് ലഭിക്കുന്നത്. ഇക്കാര്യത്തിൽ മനുഷ്യൻ പരിഭ്രമിക്കാതിരിക്കേണ്ടതാണ്. അതിനു തൗഫീഖ് കിട്ടാനും അനുഗ്രഹത്തിനുവേണ്ടിയും ദുആകൾ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഈ ആനന്ദവും അഭിരുചിയും ഉണ്ടാക്കുന്നതിനുവേണ്ടി ഇസ്തിഗ്ഫാർ ചെയ്യേണ്ടത് വളരെ നിർബന്ധമാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുംശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്ിരിഹിൽ അസീസ് പറഞ്ഞു:

ആരാധനയിൽ അഭിരുചിയുണ്ടാകുന്നതെങ്ങനെയാണെന്ന് ചിലർ ചോദിക്കാറുണ്ട്. തങ്ങൾ ശ്രമിച്ചിട്ടും ആ അവസ്ഥ ഉണ്ടാകുന്നില്ലെന്ന് അവർ പറയുന്നു. അവർ ഓർക്കേണ്ടതാണ്; മനുഷ്യന്റെ ജോലി നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുക എന്നതാണ്. എന്തൊന്ന് പ്രാപിക്കണമോ അത് അല്ലാഹുവിൽനിന്നാണെന്ന വിശ്വാസത്തിൽ നിലകൊള്ളേണ്ടതാണ്. അപ്പോഴാണ് അല്ലാഹുവിന്റെ സമീപത്താക്കുന്ന ആ അവസ്ഥ ലഭ്യമാകുന്നത്. പിന്നീട് അത് ആരാധനയുടെ അഭിരുചിയെ വർധിപ്പിക്കുന്നു.

ആരാധനയിൽ അഭിരുചിയുണ്ടാകുന്നതെങ്ങനെയാണെന്ന് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ (അ) നോടും ആരോ ചോദിക്കുകയുണ്ടായി. അവിടന്ന് പറഞ്ഞു: 'സൽകർമങ്ങളിലും ആരാധനയിലും ആനന്ദവും അഭിരുചിയും നമുക്കു സ്വന്തമായിട്ടുണ്ടാക്കാൻ സാധിക്കുകയില്ല. താൻ സ്വയം തന്റെ പ്രവർത്തനത്താൽ അതുണ്ടാക്കുമെന്ന് മനുഷ്യൻ പറഞ്ഞാൽ അതുണ്ടാകുകയില്ല. ഇത് അല്ലാഹുവിന്റെ അനുഗ്രഹവും തൗഫീഖും കൊണ്ടാണ് ലഭിക്കുന്നത്. ഇക്കാര്യത്തിൽ മനുഷ്യൻ പരിഭ്രമിക്കാതിരിക്കേണ്ടതാണ്. അതിനു തൗഫീഖ് കിട്ടാനും അനുഗ്രഹത്തിനുവേണ്ടിയും ദുആകൾ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ക്ഷീണിച്ച് പിന്നിൽ മാറി ഇരിക്കാൻ പാടില്ല. മറിച്ച് നിരന്തരം ദുആയിൽ മുഴുകേണ്ടതാണ്. ആ ദുആകളിൽ ക്ഷീണിക്കാൻ പാടില്ല.' അവിടന്ന് പറഞ്ഞു:'ആ ദുആകളിൽ ക്ഷീണിക്കരുത്. ഇപ്രകാരം മനുഷ്യൻ സ്ഥിരചിത്തനായിക്കൊണ്ട് ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഏതൊരു കാര്യത്തിനുവേണ്ടിയാണോ അവന്റെ മനസ്സ് വെമ്പൽ കൊള്ളുകയും അനിയന്ത്രിതമാകുകയും ചെയ്തത് അവസാനം തന്റെ അനുഗ്രഹത്താൽ അല്ലാഹു അതുണ്ടാക്കിത്തരുന്നു. അതായത് ആരാധനയ്ക്കായി ഒരു ആനന്ദവും അഭിരുചിയും മാധുര്യവും ഉണ്ടാകാൻ തുടങ്ങുന്നു. ആരാധനയുടെ മാധുര്യം അവന് ലഭിക്കാൻ തുടങ്ങുന്നു. അവിസ്മരണീയമായ ആനന്ദം കിട്ടാൻ തുടങ്ങുന്നു. എന്നാൽ, ഒരാൾ ശരീരേച്ഛയുമായിട്ടുള്ള പോരാട്ടവും കഠിനാധ്വാനവും നടത്താതെ മന്ത്രിച്ചൂതിക്കൊണ്ട് ആരെങ്കിലും തനിക്ക് അങ്ങനെ ചെയ്തുതരുമെന്നും അല്ലാഹുവിന്റെ സമീപത്താക്കുമെന്നും ആരാധനയുടെ ആനന്ദം ഉണ്ടാക്കുമെന്നും ആരുടെയെങ്കിലും അടുത്തുപോയാൽ അയാൾ തന്നെ ഇത്തരത്തിലുള്ള ആരാധകനാക്കുമെന്നും വിചാരിക്കുകയാണെങ്കിൽ അത് നടക്കുകയില്ല. പറഞ്ഞു, അത് അല്ലാഹുവിന്റെ ചട്ടമോ നടപടിക്രമമോ അല്ല. ഈ വഴിയിൽ പരീക്ഷിക്കപ്പെടുന്നവൻ  അല്ലാഹുവിനെ പരിഹസിക്കുകയും വധിക്കുകയുമാണ് ചെയ്യുന്നത്. അതിന്റെ അവസാന ഫലമെന്തായിരിക്കും? അവൻ സ്വയം വധിക്കപ്പെടുന്നു. അല്ലാഹുവിൽനിന്ന് അകന്നു പോകുന്നു. പറഞ്ഞു: നല്ലവണ്ണം ഓർത്തുകൊള്ളുക, മനസ്സ് അല്ലാഹുവിന്റെ കൈയിൽത്തന്നെയാണുള്ളത്. അവന്റെ അനുഗ്രഹമില്ലെങ്കിൽ രണ്ടാംദിവസം പോയി ക്രിസ്ത്യാനിയാകും. ഇസ്ലാമിൽനിന്ന് അകന്നുപോകുകയോ മറ്റു വല്ല നിർമതത്തിൽ ചെന്നുപതിക്കുകയോ ചെയ്യാം. അതുകൊണ്ട് എപ്പോഴും അവന്റെ ഫള്ലിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. അവനോടു സഹായം തേടുക. നിങ്ങളെ എപ്പോഴും സ്വിറാത്തെ മുസ്തഖീമിൽ നിലനിറുത്തു

ന്നതിനുവേണ്ടി സദാ പ്രാർഥനയിൽ മുഴുകുക. ആരാണോ അല്ലാഹുവിൽനിന്ന് അകലുന്നത് അവൻ ശയ്ത്വാനായിരിക്കും. എവിടെയാണോ അല്ലാഹുവിൽനിന്ന് അകലുന്നത്, അല്ലാഹുവിനെ ഉപേക്ഷിക്കുന്നത്, അല്ലാഹുവിനെ മറക്കുന്നത് അവിടെവച്ചാണ് ശയ്ത്വാൻ ആക്രമിക്കുന്നത്. അവൻ ശയ്ത്വാനായി മാറുന്നത്. അതുകൊണ്ട് ശയ്ത്വാനോടടുപ്പിക്കുകയും മനുഷ്യനെ നശിപ്പിക്കുകയും ചെയ്യുന്ന വിഷത്തിൽനിന്ന് രക്ഷപ്പെടുന്നതിന് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടത് നിർബന്ധമാണ്.

അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന വിശ്വാസത്തിൽ സുസ്ഥിരമായി നിലകൊള്ളുന്ന സ്വഭാവം നിബന്ധനയാണ്. എല്ലാ വഴികളും അടച്ച് അല്ലാഹുവിലേക്ക് മനുഷ്യൻ കുനിയുമ്പോഴാണ് ഈ അവസ്ഥ ഉണ്ടാകുന്നത്. അത് ആരാധനയുടെ അഭിരുചിയും നല്കുന്നു. സ്ഥിരമായിട്ട് അല്ലാഹുവിലേക്ക് കുനിഞ്ഞുകൊണ്ടിരിക്കേണ്ടി വരും. സ്ഥിരമായിട്ട് അവനോടു സഹായം തേടിക്കൊണ്ടിരിക്കേണ്ടിവരും. ശയ്ത്വാൻ എല്ലാ സമയവും ആക്രമിക്കാൻ തയ്യാറായിരിക്കുന്നു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ഈ ആനന്ദവും അഭിരുചിയും ഉണ്ടാക്കുന്നതിനുവേണ്ടി ഇസ്തിഗ്ഫാർ ചെയ്യേണ്ടത് വളരെ നിർബന്ധമാണ്. ഇസ്തിഗ്ഫാർ ചെയ്ത് ശയ്ത്വാനെ തന്നിൽ നിന്ന് അകറ്റി ഓടിക്കുമ്പോൾ മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിൽ വരാൻ പിന്നീട് വേദനയോടെ പിടച്ച് ദുആ ചെയ്യുകയും ചെയ്യും. ഇസ്തിഗ്ഫാറും പിടച്ചുകൊണ്ടായിരിക്കും ചെയ്യുക. കൂടുതൽ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി അവന്റെ സാമീപ്യത്തിന്റെ വഴി അന്വേഷിച്ച് ദുആയും ചെയ്യുന്നുണ്ടാകും. അത്തരം അവസ്ഥ മനുഷ്യനുണ്ടായിക്കഴിയുകയും ഈ അവസ്ഥ പ്രകടമാകുകയും ചെയ്താൽ അല്ലാഹു തന്റെ അനുഗ്രഹം ചൊരിയുന്നു.

അല്ലാഹു നമുക്ക് ശരിയായ ദാസനാകാനും നന്മകൾ ചെയ്യാനും തൗഫീഖ് നല്കുമാറാകട്ടെ. സ്ഥിരചിത്തതയോടുകൂടി അതിൽ നിലകൊള്ളാനും തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 25.09.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala